പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **112**

26.09.2011 ൽ മറുപടിയ്ക്ക്

## കുത്തിയതോട് പോലീസ് സ്റ്റേഷൻ പരിധിയിൽ കൊല്ലപ്പെട്ട സുറുമിയുടേയും ഇസ്മയിലിന്റേയും കേസന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കുത്തിയതോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഒരു വർഗ്ഗീയ ഭ്രാന്തനാൽ സുറുമിയും ഇസ്മായിലും കൊല്ലപ്പെട്ടതെന്നാണ് ; ഇത് സംബന്ധിച്ച കേസ് എന്നത്തേക്ക് വിചാരണയ്ക്കെടുക്കും എന്നാണ് കണക്കാക്കുന്നത് ; | (എ) 27.05.2009-ലാണ് കൊല്ലപ്പെട്ടത്. 10.05.2011-ൽ അന്വേഷണം പൂർത്തിയാക്കി പ്രസ്തുത കേസ് ആലപ്പുഴ സെഷൻസ് കോടതിയിലേക്ക് കമ്മിറ്റ് ചെയ്തിട്ടുണ്ട്. (സി.പി. നമ്പർ 13/10) |
| (ബി) പ്രോസിക്യൂഷൻ ഭാഗത്തിനായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് കാണിച്ച് മുൻ സർക്കാരിന്റെ കാലത്ത് അരൂർ എം.എൽ.എ. മെമ്മോറാണ്ടം സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സ്പെഷ്യൽ പ്രോസിക്യൂട്ടറാകാൻ സമ്മതപത്രം നൽകിയിട്ടുള്ള ഹൈക്കോടതിയിലെ അഭിഭാഷകനും മുൻ ആലപ്പുഴ ഡി.ഡി.പി. യുമായിരുന്ന അഡ്വ. മുഹമ്മദ് നൽകിയ കത്ത് ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; ആയതിൻമേൽ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ പ്രസ്തുത കേസിന്റെ നടത്തിപ്പിനായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ